## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 236 | 28.05.2019- ൽ മറുപടിയ്ക്ക്

## ജയിൽ പരിഷ്കരണം

| ചോദ്യം<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. വി. ജോയി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | അനുബന്ധം (I) ആയി ചേർത്തിരിക്കുന്നു. |
| (ബി) | ജയിൽ പരിഷ്കരണത്തിനായി സർക്കാർ നിയോഗിച്ച ഡോ. അലക്സാണ്ടർ ജേക്കബ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) | അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു. |
| (സി) | ജയിലിലെ അന്തേവാസികൾക്ക് അവരുടെ ശിക്ഷാ കാലാവധിക്ക് ശേഷം ഒരു ഉപജീവനമാർഗ്ഗമായി മാറുന്ന തരത്തിൽ വിവിധ തൊഴിലുകളിൽ പരിശീലനം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (സി) | അനുബന്ധം (III) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (I)

2016-17, 2017-18, 2018-19 കാലയളവിൽ ജയിൽ വകുപ്പിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

### 2016-17

I) 2016-17 കാലയളവിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയ്ക്കായി 12.00 കോടി രൂപയും, തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിക്കായി 5.25 കോടി രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനു നടപടികൾ സ്വീകരിക്കുകയും ചെയ്തു.

#### ജയിലുകളുടെ നവീകരണം

1) 11.00 കോടി രൂപ ചെലവിൽ പത്തനംതിട്ട ,ആലപ്പുഴ ജില്ലാ ജയിലുകളിലെ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം
2) 46.17 ലക്ഷം രൂപ ചെലവിൽ ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ ചുറ്റ് മതിലിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം
3) 53.80 ലക്ഷം രൂപ ചെലവിൽ അഞ്ചു ജയിലുകളിലെ (ജില്ലാ ജയിൽ വിയ്യൂർ, സ്പെഷ്യൽ സബ് ജയിൽ മൂവാറ്റുപുഴ, ജില്ലാ ജയിൽ എറണാകുളം ,സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ ,സബ് ജയിൽ ചാവക്കാട് ) അടുക്കളകളുടെ നവീകരണം

#### തടവുകാരുടെ ക്ഷേമം

1) 2.5 കോടി രൂപ ചെലവിൽ കണ്ണൂർ , തിരുവനന്തപുരം സെൻട്രൽ ജയിലുകളിൽ പ്രാർഥനാ ഹാൾ നിർമ്മാണം
2) 70.00 ലക്ഷം രൂപ ചെലവിൽ തടവുകാർക്കുള്ള തൊഴിൽ പരിശീലനം
3) 25.00 ലക്ഷം രൂപ ചെലവിൽ ജയിൽ ക്ഷേമ ദിനം , റിഫ്രഷർ കോഴ്സ്,സെമിനാർ എന്നിവ സംഘടിപ്പിച്ചു
4) 60.00 ലക്ഷം രൂപ ചെലവിൽ സെൻട്രൽ ജയിലുകളിൽ കുടിവെള്ള ശുദ്ധീകരണത്തിനായി ആർ. ഓ പ്ലാന്റുകൾ സ്ഥാപിച്ചു
5) 45.00 ലക്ഷം രൂപ ചെലവിൽ സെൻട്രൽ ജയിലുകളിൽ പവർ ലോണ്ട്രി സ്ഥാപിച്ചു
6) 32.00 ലക്ഷം രൂപ ചെലവിൽ ചീമേനി തുറന്ന ജയിലിൽ ഫാമുകൾ സ്ഥാപിച്ചു
7) 9.00 ലക്ഷം രൂപ ചെലവിൽ കണ്ണൂർ സെൻട്രൽ ജയിലിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു.

II) 13th ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച അഞ്ചു പുതിയ ജയിലുകളുടെ ബാക്കിയുള്ള നിർമാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 32.965 കോടി രൂപ 30.12.2016 ലെ ജി.ഓ (ആർ ടി ) 3753/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി. ബാക്കിയുള്ള നിർമാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ടി തുക പൊതു മരാമത്ത് വകുപ്പിൽ ഡെപോസിറ്റ് ചെയ്തു തുടർ നടപടികൾ സ്വീകരിച്ചു . ഇതിൽ മുട്ടം (ഇടുക്കി) ജില്ലാ

ജയിലിന്റെ പ്രവർത്തനം ആരംഭിച്ചു. മലമ്പുഴ ജില്ലാ ജയിലിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. വിയ്യൂർ അതീവ സുരക്ഷാ ജയിൽ , ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, തവനൂർ സെൻട്രൽ ജയിൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായാലുടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

III) മൂന്നു സെൻട്രൽ ജയിലുകളിൽ ടെട്ര ( TETRA Communication System) എന്ന പേരിലുള്ള അത്യന്താധുനിക വയർലെസ് കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നതിനായി 2.30 കോടി രൂപയുടെ പദ്ധതിയ്ക്ക ഭരണാനുമതി ലഭിക്കുകയും ടി പദ്ധതി നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

## 2017-18

I ) 2017-18 കാലയളവിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയ്ക്കായി 13.00 കോടി രൂപയും, തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിക്കായി 5.50 കോടി രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനു നടപടികൾ സ്വീകരിക്കുകയും ചെയ്തു.

### ജയിലുകളുടെ നവീകരണം

1. 2.00 കോടി രൂപ ചെലവിൽ ചീമേനി തുറന്ന ജയിലിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്ക് നിർമ്മാണം
2. 3.08 കോടി രൂപ ചെലവിൽ ചീമേനി തുറന്ന ജയിലിൽ ബാരക്ക് നിർമ്മാണം
3. 2.00 കോടി രൂപ ചെലവിൽ മാനന്തവാടി ജില്ലാ ജയിലിൽ ക്വാർട്ടേർസ് നിർമ്മാണം
4. 1. കോടി രൂപ ചെലവിൽ കോഴിക്കോട് ജില്ലാ ജയിലിൽ ക്വാർട്ടേർസ് നിർമ്മാണം
5. 1.62 കോടി രൂപ ചെലവിൽ വിയ്യൂർ സെൻട്രൽ ജയിലിൽ മൾട്ടി പർപ്പസ് ആഡിറ്റോറിയം നിർമ്മാണം
6. 2.30 കോടി രൂപ ചെലവിൽ ജയിലുകളുടെ അറ്റകുറ്റ പ്പണികൾ
7. 88.00 ലക്ഷം രൂപ ചെലവിൽ ജയിൽ അടുക്കളകളുടെ നവീകരണം
8. 10 ലക്ഷം രൂപ ചെലവിൽ ഫോട്ടോകോപ്പിയറുകൾ വാങ്ങുക
9. 2.00 ലക്ഷം രൂപ ചെലവിൽ ഇലക്ട്രോണിക് ത്രാസുകൾ വാങ്ങുക

### തടവുകാരുടെ ക്ഷേമം

1. 2.0683 കോടി രൂപ ചെലവിൽ സി.സി.ടി.വി സംവിധാനം സ്ഥാപിക്കൽ
2. 49.99 ലക്ഷം രൂപ ചെലവിൽ പബ്ലിക് അഡ്രസ്സ് സിസ്റ്റം സ്ഥാപിക്കൽ
3. 99.67 ലക്ഷം രൂപ ചെലവിൽ ഇൻറർവ്യൂ ഹാൾ നിർമ്മാണം
4. 18.11. ലക്ഷം രൂപ ചെലവിൽ പവർ ലോണ്ട്രി സ്ഥാപിക്കൽ
5. 99.40 ലക്ഷം രൂപ ചെലവിൽ തടവുകാർക്കുള്ള തൊഴിൽ പരിശീലനം
6. 25.00 ലക്ഷം രൂപ ചെലവിൽ ജയിൽ ക്ഷേമ ദിനം , റിഫ്രഷർ കോഴ്സ്,സെമിനാർ എന്നിവ സംഘടിപ്പിച്ചു
7. 30.00 ലക്ഷം രൂപ ചെലവിൽ സെൻട്രൽ ജയിലിലും തുറന്ന ജയിലിലും പൌൾട്രി ഫാം സ്ഥാപിക്കൽ
8. 20.00 ലക്ഷം രൂപ ചെലവിൽ കണ്ണൂർ സെൻട്രൽ ജയിലിൽ ബേക്കറി യൂണിറ്റ് സ്ഥാപിക്കൽ

II) ജയിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി 2016-17 , 2017-18 കാലയളവുകളിലായി വിവിധ പ്രൊപോസലുകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു.ടി പ്രൊപോസലുകൾ പരിഗണിച്ച് 2017-18 ൽ

ജയിൽ വകുപ്പിൽ വിവിധ കാറ്റഗറികളിലായി 308 തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

III) ഇ- ഫയൽ മാനേജ്മെൻറ് സംവിധാനം (i-Aps) രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി 39.34 ലക്ഷം രൂപ അനുവദിച്ച ഭരണാനുമതി നൽകിയിട്ടുണ്ട്.

IV) 10.01.2017-ലെ സ. ഉ സാധാ നം .4/2017/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവ് പ്രകാരം ജയിൽ പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഡോ.അലക്സാണ്ടർ ജേക്കബ് (റിട്ട.ഡി.ജി.പി & സി.എസ്) ഏകാംഗ കമ്മീഷനായി ജയിൽ പരിഷ്കരണ കമ്മീഷനെ സർക്കാർ നിയോഗിക്കുകയുണ്ടായി. ടി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിൽ സർക്കാർ അംഗീകരിച്ച ശുപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിച്ച് വരുന്നു

## 2018-19

2018 -19 സാമ്പത്തിക വർഷത്തിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിക്കായി 14.50 കോടി രൂപയും തടവുകാരുടെ ക്ഷേമം പദ്ധതിക്കായി 6.50 കോടി രൂപയും ചേർത്തു 21.00 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. അതിൽ 52 ലക്ഷം രൂപ Plan cut-ൽ ഉൾപ്പെടുത്തിയശേഷമുള്ള പുതുക്കിയ പദ്ധതി തുക 20.48 കോടി(ഇരുപത് കോടി നാല്പത്തിയെട്ട് ലക്ഷം) രൂപയാണ്.

| സ്കീം | തുക (ലക്ഷം രൂപ) | Plan Cut ൽ ഉൾപ്പെടുത്തിയ തുക (ലക്ഷം രൂപ) | പുതുക്കിയ പദ്ധതി തുക | ഭരണാനുമതി ലഭിച്ചത് (ലക്ഷം രൂപ) | ചെലവ് (ലക്ഷം രൂപ) |
|---|---|---|---|---|---|
| ജയിലുകളുടെ നവീകരണം | 1450 | 21 | 1429 | 1044 | 1042.87 |
| തടവുകാരുടെ ക്ഷേമം | 650 | 31 | 619 | 619 | 608.07 |
| ആകെ | 2100 | 52 | 2048 | | 1650.94 |

<u>പദ്ധതി തിരിച്ചുള്ള വിവരം താഴെചേർക്കുന്നു.</u>

1) ജയിലുകളുടെ നവീകരണം

| ശീർഷകം | തുക (കോടി രൂപ) |
|---|---|
| 4059-60-051-71 | 13.20 |
| 2056-00-001-98-34 മറ്റ് ചെലവുകൾ (3) മറ്റിനം | 1.30 |
| ആകെ | 14.50 |

പ്രസ്തുത പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പ് ശീർഷകത്തിൽ 13.20 കോടി രൂപയും ജയിൽ വകുപ്പ് ശീർഷകത്തിൽ 1.30 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ആകെ 14.50 കോടി രൂപ. അതിൽ 21 ലക്ഷം രൂപ Plan cut ൽ ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു. അതിനാൽ പുതുക്കിയ പദ്ധതി തുക 14.29 കോടി രൂപയാകുന്നു.

a. ശീർഷകം 4059-60-051-71 – 12.99 കോടി രൂപ

| ക്രമ നം. | പദ്ധതി | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ) | ഭരണാനുമതി ലഭിച്ച തുക (ലക്ഷം രൂപയിൽ) | ചെലവ് / ഡെപ്പോസിറ്റ് ചെയ്ത തുക (ലക്ഷം രൂപയിൽ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | മൂന്ന് സെൻട്രൽ ജയിലുകളിൽ മാനസിക രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുക | 598.00 | 598.00 | 598.00 | 26-07-2018 ലെ ജി.ഒ(എം.എസ്) നം.122/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. തുക പൊതുമരാമത്ത് വകുപ്പ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതിനാൽ തുടർ നടപടികൾ പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചു വരുന്നു. |
| | i) സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം | | 200.00 | 200.00 | |
| | ii) സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ | | 198.00 | 198.00 | |
| | iii) സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ | | 200.00 | 200.00 | |
| 2 | ജയിൽ അടുക്കള നവീകരണം | 98.12 | 98.12 | 98.12 | 26-07-2018 ലെ ജി.ഒ(എം.എസ്) നം.122/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. |
| | i) ജില്ലാ ജയിൽ, കോട്ടയം | | 13.14 | 13.14 | പ്രവൃത്തി ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. |

| | | | | | |
|---|---|---|---|---|---|
| | ii) സബ് ജയിൽ, മീനച്ചിൽ | | 20.00 | 20.00 | പ്ലാൻ അംഗീകരിച്ച് കൊടുക്കുകയും പ്രവൃത്തി എത്രയും വേഗം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. |
| | iii) സബ് ജയിൽ, വിയ്യൂർ | | 17.60 | 17.60 | പ്ലാൻ അംഗീകരിച്ച് കൊടുക്കുകയും പ്രവൃത്തി എത്രയും വേഗം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. |
| | iv) സബ് ജയിൽ, പീരുമേട് | | 16.00 | 16.00 | പ്ലാൻ അംഗീകരിച്ച് കൊടുക്കുകയും പ്രവൃത്തി എത്രയും വേഗം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. |
| | v) തുറന്ന ജയിൽ, നെട്ടുകാൽത്തേരി + തേവൻകോട് അനക്സ് (17.80 + 13.58) | | 31.38 | 31.38 | പ്രവൃത്തി ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു.. |
| 3 | കൂത്ത് പറമ്പ് സ്പെഷ്യൽ സബ് ജയിൽ നിർ മ്മാണം | 302.88 | 302.88 | 302.88 | 26-07-2018 ലെ ജി.ഒ(എം.എസ്) നം.122/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും പ്രവൃത്തി ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| | ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതി | | | | |
| 4 | വിയ്യൂർ സെൻട്രൽ പ്രിസൺ കോമ്പൌണ്ടിൽ പ്രിസൺ മ്യൂസിയം സ്ഥാപിക്കുക | 300.00 | 300.00 | 0 | സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയ്ക്ക് 3 കോടി രൂപ വകയിരുത്തി. എന്നാൽ പദ്ധതി 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റിവച്ചു. |
| | ആകെ(A) | 1299.00 | 999.00 | 999.00 | |

b) ജയിൽ വകുപ്പ് ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക
ശീർഷകം: 2056-00-001-98-34 മറ്റ് ചെലവുകൾ (3) മറ്റിനം തുക 1.30 കോടി രൂപ

| ക്രമ നം. | പദ്ധതി | ബഡ്ജറ്റിൽ അനുവദിച്ച തുക (രൂപയിൽ) | ഭരണാനുമതി ലഭിച്ച തുക (രൂപയിൽ) | ചെലവ് / ഡെപ്പോസിറ്റ് ചെയ്ത തുക (തുക രൂപയിൽ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം- അയാപ്സ് (Internal Administrative Processing System-iAPS for Prisons) | 45,00,000/- | 45,00,000/- | | ജി.ഒ (എം.എസ്) നം.169/2018/ആഭ്യന്തരം; തിയതി: 17-10-2018 പ്രകാരം ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. |
| | i) കമ്പ്യൂട്ടർ, മൾട്ടി ഫങ്ഷൻ പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങുക | 21,12,320/- | 21,12,320/- | 20,00,432/- | സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനം മുഖേന 58 കമ്പ്യൂട്ടർ, 36 യു.പി.എസ് എന്നിവ വാങ്ങിയിട്ടുള്ളതാകുന്നു. |
| | ii) സെർവ്വർ മൈഗ്രേഷൻ | 56,000/- | 56,000/- | 55,531/- | ഐ.ടി മിഷനുമായി ബന്ധപ്പെട്ട് ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | iii) 'അയാപ്സ്' ആപ്ലിക്കേഷന്റെ 2017 ലെ വാർഷിക പരിപാലനത്തിനായി കെൽട്രോണിന് നൽകുവാനുള്ള ബാക്കി തുക | 4,17,720/- | 4,17,720/- | 4,17,720/- | തുക കെൽട്രോണിന് നൽകിയിട്ടുള്ളതാകുന്നു. |
| | iv) അയാപ്സ് ആപ്ലിക്കേഷന്റെ 2018 ലെ വാർഷിക പരിപാലനം | 8,35,440/- | 8,35,440/- | 8,35,440 | കെൽട്രോണിന് വർക്ക് ഓർഡർ നൽകി കരാർ ഒപ്പുവക്കുകയുണ്ടായി. തുക നൽകിയിട്ടുള്ളതാകുന്നു. |
| | V) അയാപ്സ് ആപ്ലിക്കേഷനിൽ പുതിയ functionalities ഉൾപ്പെടുത്തുന്നത്. | 10,78,520/- | 10,78,520/- | 10,78,520/ | പ്രവൃത്തി പൂർത്തിയാക്കി തുക കെൽട്രോണിന് നൽകിയിട്ടുള്ളതാകുന്നു |
| 2 | ജയിൽ | 85,00,000/- | 85,00,000/ | 0 | ഭരണാനുമതി നൽകിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | അന്തേവാസികൾക്കായി ആംബുലൻസ്, ജയിൽ ഉല്പന്നങ്ങൾ വില്പനക്ക് കൊണ്ടുപോകുന്നതിനുള്ള വാഹനം (പിക്-അപ് വാഹനം) എന്നിവ വാങ്ങുക | | | | |
| | ആകെ (B) | 1,30,00,000/- | 45,00,000/- | 43,87,643/- | |
| | ആകെ (A +B) (ലക്ഷം രൂപ) | 1429.00 | 1044.00 | 1042.87 | |

## 2) തടവുകാരുടെ ക്ഷേമം

6.50 കോടി (ആറ് കോടി അൻപത് ലക്ഷം) രൂപയാണ് തടവുകാരുടെ ക്ഷേമം പദ്ധതിക്കായി '2235-02-106-92' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. എല്ലാ പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുള്ളതാകുന്നു. അതിൽ 31 ലക്ഷം രൂപ Plan Cut-ൽ ഉൾപ്പെടുത്തി ഒഴിവാക്കിയിട്ടുണ്ട്. പുതുക്കിയ പദ്ധതി തുക 6.19 കോടി രൂപയാകുന്നു.

| ക്രമ നം. | പദ്ധതി | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ) | ഭരണാനുമതി ലഭിച്ച തുക (ലക്ഷം രൂപയിൽ) | ചെലവ് / ഡെപ്പോസിറ്റ് ചെയ്ത തുക (ലക്ഷം രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 8 ജയിലുകളിലെ സി.സി.ടി.വി സംവിധാനത്തിന്റെ വാർഷിക പരിപാലനം | 7.82 | 7.82 | 7.82 | ജി.ഒ(എം.എസ്) നം.171/2018/ആഭ്യന്തരം; തിയതി:17-10-2018 പ്രകാരം ഭരണാനുമതി ലഭിക്കുകയും കെൽട്രോണിന് വർക്ക് ഓർഡർ നൽകി കരാർ ഒപ്പുവച്ചിട്ടുള്ളതാകുന്നു. തുക കെൽട്രോണിന് നൽകിയിട്ടുള്ളതാകുന്നു |
| 2 | മലമ്പുഴ ജില്ലാ ജയിലിൽ സി.സി.ടി.വി സംവിധാനം സ്ഥാപിക്കുക | 35.00 | 35.00 | 35.00 | പൊതുമരാമത്ത് വകുപ്പിന് വർക്ക് ഓർഡർ നൽകി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാകുന്നു. |

| | | | | | |
|---|---|---|---|---|---|
| 3 | ജയിലുകളിലെ ലൈബ്രറി നവീകരണം /പുസ്തകങ്ങൾ വാങ്ങുക | 20.37 | 20.37 | 20.00 | പുസ്തകങ്ങളും ലൈബ്രറി ഫർണിച്ചറും വാങ്ങുന്നതിന് ജയിലുകൾക്ക് ഉത്തരവ് നൽകി അലോട്ട്മെന്റ് നൽകിയിട്ടുള്ളതാകുന്നു. |
| 4 | തുടർ വിദ്യാഭ്യാസ പരിപാടികൾ/യോഗാ ക്ലാസ്സ് | 5.00 | 5.00 | 5.00 | ദക്ഷിണ മേഖലയിലെ ജയിലുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് 5 ലക്ഷം രൂപ അലോട്ട്മെന്റ് നൽകിയിട്ടുള്ളതാകുന്നു. |
| 5 | ജയിലുകളിലേക്ക് ടെലിവിഷൻ സെറ്റ് വാങ്ങുക | 20.00 | 20.00 | 19.94 | ടെലിവിഷൻ സെറ്റ് വാങ്ങുന്നതിന് പൊതുമരാമത്ത് വകുപ്പിന് വർക്ക് ഓർഡർ നൽകി. |
| 6 | സെൻട്രൽ ജയിലുകളിലേക്ക് ഇലക്ട്രോണിക് ട്രോളികൾ വാങ്ങുക | 5.81 | 5.81 | 5.81 | പൊതുമരാമത്ത് വകുപ്പിന് വർക്ക് ഓർഡർ നൽകി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാകുന്നു. |
| 7 | 6 ജയിലുകളിലെ സി.സി.ടി.വി സംവിധാനം പ്രവർത്തനക്ഷമമാക്കുക | 460.00 | 460.00 | 460.00 | ജി.ഒ(എം.എസ്) നം. 171/2018/ആഭ്യന്തരം; തിയതി:17-10-2018 പ്രകാരം 4.60 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിന് വർക്ക് ഓർഡർ നൽകുകയും തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുള്ളതാകുന്നു. ബാക്കി 6 ലക്ഷം രൂപ plan cut ൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതാകുന്നു. |
| 8 | അന്തേവാസികൾക്കായി കായികോപകരണങ്ങൾ വാങ്ങുക | 10.00 | 10.00 | 0 | പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതാകുന്നു. |
| 9 | ജയിലുകളിലേക്ക് പ്രൊജക്ടർ വാങ്ങുക | 1.50 | 1.50 | 1.50 | തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ പ്രിസണുകളിലേയ്ക്കും നെട്ടുകാൽത്തേരി തുറന്ന ജയിലിലേയ്ക്കും പ്രൊജക്ടർ വാങ്ങുന്നതിന് 1.5 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാകുന്നു. |

| | | | | | |
|---|---|---|---|---|---|
| 10 | അന്തേവാസികൾക്കുള്ള തൊഴിൽ പരിശീലനം | 53.50 | 53.00 | 53.00 | ജയിലുകളിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് അലോട്ട്മെന്റ് നൽകിയിട്ടുള്ളതാകുന്നു. |
| | ആകെ | 619.00 | 619.00 | 608.07 | |

ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള 24.96 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് കെൽട്രോൺ, ബി,എസ്,എൻ,എൽ എന്നീ ഏജൻസികളെ ചുമതലപ്പെടുത്തി വർക്ക് ഓർഡർ നൽകിയിട്ടുള്ളതാകുന്നു.

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം (II)</u>

<u>ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്, ഡി.ജി.പി. (റിട്ട.) ചെയർമാനായ ജയിൽ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശയിലെ സാമ്പത്തിക ബാധ്യത ഇല്ലാതെ നടപ്പാക്കാൻ പറ്റുന്ന നിർദ്ദേശങ്ങൾ / ജയിൽ വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ചെയ്യാൻ കഴിയുന്ന മാർഗ്ഗങ്ങൾ എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട്</u>

### I <u>സാമ്പത്തിക ബാധ്യത ഇല്ലാതെ നടപ്പാക്കാൻ പറ്റുന്ന നിർദ്ദേശങ്ങൾ</u>

| ക്രമ നം. | ജയിൽ പരിഷ്കരണ കമ്മീഷന്റെ ശുപാർശ | റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|
| 1 | അതീവ സുരക്ഷാ പ്രാധാന്യമുള്ള ജയിൽ വകുപ്പിലെ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ സമയാസമയം നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചാൽ ദിവസക്കൂലി അടിസ്ഥാനത്തിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ജീവനക്കാരെ നിയമിക്കുന്നത് ഒഴിവാക്കാൻ സാധിക്കും | വകുപ്പിലെ ഒഴിവുകളെല്ലാം പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം സൈനിക വെൽഫയർ ബോർഡ് മുഖാന്തിരം 77 വിമുക്തഭടൻമാരുടെ സേവനം ഉപയോഗിക്കുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമാണ് നടത്തുന്നത്. |
| 2 | ദീർഘകാലം ജയിൽ ശിക്ഷ അനുഭവിച്ച് വരുന്ന തടവുകാരെ ബഹു. സുപ്രീംകോടതിയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് വിട്ടയയ്ക്കുന്നതനുള്ള നടപടി സമയ സമയം സ്വീകരിക്കാവുന്നതാണ്. കൂടാതെ മാരകമായ അസുഖം മൂലം അവശത അനുഭവിക്കുന്ന തടവുകാരേയും എഴുപത് വയസിന് മുകളിൽ പ്രായമുള്ള തടവുകാരേയും മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. | ദീർഘകാലം ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരെ അകാലവിട്ടതലിന് പരിഗണിക്കുന്നതിനായി ജയിൽ ഉപദേശക സമിതി ചേർന്ന് ശിപാർശകൾ നൽകി വരുന്നു. മാരകമായ അസുഖംമൂലം അവശത അനുഭവിക്കുന്ന തടവുകാരെയും 70 വയസിന് മുകളിൽ പ്രായമുള്ള തടവുകാരെയും മോചിപ്പിക്കുന്നതിനുള്ള റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ് |
| 3 | നിലവിലെ ജയിൽ ചട്ടങ്ങളിലെ അപാകതകൾ കാലാനുസൃതമായി പരിഹരിക്കേണ്ടതും ജയിലിൽ പ്രവേശിക്കുന്ന തടവുകാർക്ക് ജയിൽ ചട്ടങ്ങളെ കുറിച്ചും നിയമങ്ങളെ കുറിച്ചും അവബോധം ഉണ്ടാക്കുന്നതിന് ലഘുലേഖകൾ വിതരണം ചെയ്യുക. | നിലവിലെ ജയിൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ട 150-ൽപ്പരം ഭേദഗതി നിർദ്ദേശങ്ങൾ സമാഹരിച്ച് സമർപ്പിക്കാൻ ജയിൽ മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. തടവുകാർക്ക് ജയിൽ ചട്ടങ്ങളെ കുറിച്ചും അവരുടെ അവകാശങ്ങളെ കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് ലഘുലേഖകൾ തയ്യാറാക്കി കരട് സമർപ്പിക്കുന്നതിന് ദക്ഷിണ മേഖല ഡി.ഐ.ജി. യെ ചുമതലപ്പെടുത്തി. |

| | | |
|---|---|---|
| 4 | ജയിലിൽ കഴിയുന്ന തടവുകാരുടെ കലാ സൃഷ്ടികൾ, കലാവിരുതുകൾ എന്നിവ പൊതു സമൂഹത്തിൽ എത്തിക്കുന്നതിന് ദൃശ്യ പത്ര മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് വകുപ്പിന് അനുമതി നൽകാവുന്നതാണ്. | ജയിലിലെ കലാവാസനയുള്ള തടവുകാരെ ഉൾപ്പെടുത്തി സിനിമ, ഡോക്യുമെന്ററി, ഹ്രസ്വചിത്രം, Jail in House Magazine എന്നിവ ചെയ്യുകയും വിവിധ മേഖലകളിൽ ഇവ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| 5 | എല്ലാ ജയിലുകളുടെ പരിസരങ്ങളും തടവുകാരുടെ സേവനം ഉപയോഗിച്ച് സൗന്ദര്യവൽക്കരിക്കുകയും പരിസ്ഥിതി സൗഹൃദമാക്കുകയും ചെയ്യുക | നടപ്പിലാക്കി |
| 6 | ബഹു. സുപ്രീംകോടതി ഉത്തരവ് പ്രകാരം സ്ഥാപിച്ച സി.സി.ടി.വി. സംവിധാനം ഭൂരിഭാഗം ജയിലുകളിലും പ്രവർത്തനരഹിതമാണ്. ആയത് ബന്ധപ്പെട്ട കമ്പനികളെ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. | എ.എം.സി. കരാർ കാലാവധി അവസാനിച്ച 3 സെൻട്രൽ ജയിലുകൾ, തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലാ ജയിലുകൾ ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളിലും സി.സി.ടി. വി. സംവിധാനം പ്രവർത്തനക്ഷമമാണ്. ടി സ്ഥാപനങ്ങളിൽ ഈ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള 4.60 കോടി രൂപയുടെ പൊതുമരാമത്ത് വകുപ്പിന്റെ പ്രൊപ്പോസൽ അംഗീകരിച്ച്, 2018-19 ലെ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി പൊതുമരാമത്ത് വകുപ്പിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |
| 7 | ജയിലുകളിൽ നടപ്പിലാക്കിയ വിഡിയോ കോൺഫറൻസിംഗ് സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കാത്തത് കാരണം പ്രതികളെ കോടതിയിൽ നേരിട്ട് ഹാജരാക്കേണ്ടിവരുന്നുണ്ട്.ആയത് പൂർണ്ണമായ ഒഴിവാക്കി വീഡിയോ കോൺഫറൻസ് സംവിധാനം സജ്ജമാക്കിയാൽ പോലീസ് എസ്കോർട്ട് പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. ആയത് മൂലം വലിയ സാമ്പത്തിക ബാധ്യത സർക്കാരിന് ഒഴിവാക്കാനാകും. | സംസ്ഥാനത്ത് 53 ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി. വീഡിയോ കോൺഫറൻസിംഗ് എക്വിപ്മെന്റ് സ്ഥാപിക്കുന്നതിന് 20,13,47,798/- രൂപയുടെ വർക്ക് ഓർഡർ കെൽട്രോണിന് നൽകുകയും ചെയ്തു. ആദ്യ ഘട്ടത്തിലുള്ള 20 ലോക്കേഷനുകളിൽ ഇൻസ്റ്റലേഷൻ പൂർത്തിയായി കഴിഞ്ഞു.<br>ഈ സംവിധാനത്തിന് ആവശ്യമായ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ബി.എസ്.എൻ. എൽ -നിന്നുള്ള 1.94 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ബി.എസ്.എൻ. എൽ-ന് വർക്ക് |

| | | |
|---|---|---|
| | | ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ജയിലുകളിൽ 57 സ്റ്റുഡിയോ നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ കെൽട്രോണിൽ പുരോഗമിക്കുന്നു. |
| 8 | ജയിൽ വകുപ്പിലെ ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് അടിസ്ഥാന പരിശീലനത്തിന് ശേഷം പി.എസ്.സി. ടെസ്റ്റുകൾ (Firing & practical) ഒഴിവാക്കി പോലീസ് സേനയിലേതുപോലെ അടിസ്ഥാന പരിശീലനത്തിനോടൊപ്പം പൂർത്തീകരിക്കുക.. | ജയിൽ സബോർഡിനേറ്റ് ഉദ്യോഗസ്ഥർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷ ഒരു സ്പെഷ്യൽ ടെസ്റ്റായി നടത്താൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. |
| 9 | പൊതുജനങ്ങൾക്ക് ജയിലുകളിലെ സേവനം സുഗമമായി ലഭ്യമാക്കുന്നതിന് സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച് ഇൻഫർമേഷൻ കൗണ്ടറുകൾ സ്ഥാപിക്കാവുന്നതാണ്. ഇത് ജയിൽ വകുപ്പിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതാണ്. | സെൻട്രൽ ജയിലുകളിൽ തടവുകാരെ സന്ദർശിക്കുവാൻ വരുന്നവർക്കാവശ്യമായ സേവനം നൽകുവാൻ തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഹെൽപ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്. |
| 10 | ജയിൽ ജീവനക്കാരുടെ പരിശീലനം കാലഘട്ടത്തിനനുസരിച്ച് ആധുനിക സാങ്കേതിക വിദ്യകൾക്കനുസൃതമായി പരിഷ്കരിക്കേണ്ടതാണ്. | ജയിൽ പരിശീലന മാന്വൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. |
| 11 | ജയിൽ വകുപ്പിൽ ഇന്റേണൽ വിജിലൻസ് വിജിലൻസ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. | നടപ്പിലാക്കി |
| 12 | പ്രൊമോഷൻ സാധ്യത കുറവുള്ള ജയിൽ വകുപ്പിൽ ഗ്രേഡ് പ്രൊമോഷൻ വ്യവസ്ഥ നടപ്പിലാക്കേണ്ടതാണ്. ഇത് ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക് തടവുന്നതിന് ഒരളവുവരെ സഹായിക്കും. | നടപടികൾ അന്തിമഘട്ടത്തിലാണ്. |

## II ജയിൽ വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ചെയ്യാൻ കഴിയുന്ന മാർഗ്ഗങ്ങൾ

| ക്രമ നം. | ജയിൽ പരിഷ്കരണ കമ്മീഷന്റെ ശുപാർശ | റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|
| 1 | കേരളത്തിലെ എല്ലാ ജയിലുകളിലും ഫുഡ് യൂണിറ്റുകൾ വ്യാപിപ്പിച്ചാൽ ഗുണനിലവാരമുള്ളതും വിലകുറച്ചും പൊതുജനങ്ങൾക്ക് ഭക്ഷണ സാധനങ്ങൾ വിതരണം | സ്ഥലസൗകര്യവും മറ്റ് ഘടകങ്ങളും പരിഗണിച്ച് അനുയോജ്യമായ ജയിലുകളിൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 3 സെൻട്രൽ ജയിലുകളിലും കൊല്ലം, എറണാകുളം, കോഴിക്കോട്, ആലപ്പുഴ ജില്ലാ ജയിലുകളിലും ചീമേനി തുറന്ന ജയിലിലും |

| | | |
|---|---|---|
| | ചെയ്യുന്നതിനും സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുവാനും സാധിക്കും. ആയത് നടപ്പിൽ വരുത്തുന്നതിന് വിദഗ്ധരായ ശിക്ഷാ തടവുകാരുടെ സേവനം ഉപയോഗിക്കുന്നതിന് അനുമതി നൽകാവുന്നതാണ്. | തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും തിരുവനന്തപുരം വനിതാ ജയിലിലും, വനിതാ തുറന്ന ജയിലിലും ഭക്ഷണ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| 2 | ജയിലുകളിൽ കഴിയുന്ന തടവുകാരുടെ മനുഷ്യാധ്വാനം ഫലപ്രദമായി ഉപയോഗപ്പെടുത്തി കൃഷി വകുപ്പുമായി സഹകരിച്ച് ജൈവ പച്ചക്കറി വ്യാപകമായി ഉൽപ്പാദിപ്പാക്കാവുന്നതും വിഷരഹിതമായ പച്ചക്കറി പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ഇതുവഴി സർക്കാർ ഖജനാവിൽ അധിക വരുമാനം ഉണ്ടാക്കുവാനും സാധിക്കും. | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൃഷി വകുപ്പിന്റെ ധന സഹായത്തോടെ ഹൈടെക് പച്ചക്കറി കൃഷി യൂണിറ്റ് ആരംഭിച്ചുകഴിഞ്ഞു. സ്ഥല സൗകര്യമുള്ള ജയിലുകളിൽ ഇപ്രകാരം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | റെയ്ഡ്കോ, റബ്കോ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കറിപൗഡർ യൂണിറ്റ്, അച്ചാറുകൾ, റബ്കോ ഫർണിച്ചറുകൾ, ചെരുപ്പ നിർമ്മാണം, കുട നിർമ്മാണം, നോട്ടു ബുക്കു നിർമ്മാണം, പേപ്പർ ബാഗ്, ഡിസ്പോസിബിൾ ഗ്ലാസ് നിർമ്മാണ യൂണിറ്റുകൾ, എൽ.ഇ.ഡി. ബൾബ് നിർമ്മാണം (KSEB യുമായി സഹകരിച്ച) എന്നിവ ഗുണമേന്മയോടെ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ചുരുങ്ങിയ നിരക്കിൽ ലഭ്യമാക്കുന്നതിനും സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുന്നതിനും സാധിക്കും. | അച്ചാറുകൾ, കുട നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം എന്നിവ ചെയ്തുവരുന്നു. |
| 4 | സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ എന്നിവ കേന്ദ്രീകരിച്ച് ആധുനിക് വർക് ഷോപ്പുകൾ, വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ എന്നിവ തടവുകാരുടെ സേവനം ഉപയോഗിച്ച് സ്ഥാപിക്കാവുന്നതാണ്. ഇതുവഴി പൊതുജനങ്ങൾക്ക് ചുരുങ്ങിയ | ജയിൽ പെട്രോൾ ബങ്കുകൾക്ക് സമീപമായി ആധുനിക വർക് ഷോപ്പുകൾ, വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ എന്നിവ തുടങ്ങാനുള്ള സാധ്യത പരിശോധിച്ചുവരുന്നു. |

| | | |
|---|---|---|
| | നിരക്കിൽ സേവനം നൽകുന്നതിനും സർക്കാരിന് സാമ്പത്തിക ലാഭം ഉണ്ടാക്കുന്നതിനും സാധിക്കും. | |
| 5 | ജയിലുകൾ കേന്ദ്രീകരിച്ച് (സാധ്യതയുള്ള ജയിലുകൾ കേന്ദ്രീകരിച്ച്) മിനറൽ വാട്ടർ പ്രോജക്റ്റ് തുടങ്ങിയാൽ പൊതുജനങ്ങൾക്ക് ഗുണമേന്മയോടുകൂടിയും മിതമായ നിരക്കിലും കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്. ഇതുമൂലം സർക്കാരിന് അധിക വരുമാനം ഉണ്ടാക്കാൻ സാധിക്കും. | ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 10 രൂപ നിരക്കിൽ സർക്കാർ സംരംഭമായ Hilly Acqua എന്ന ബ്രാൻഡ് നാമത്തിലുള്ള കുപ്പിവെള്ളം ജയിൽ ഉല്പന്ന ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്തുവരുന്നു. |
| 6 | സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച് നാഷണൽ ഹൈവേയോടുകൂടി ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സുകൾ, ഗസ്റ്റ് ഹൗസുകൾ, ഓഡിറ്റോറിയം, പൂജപ്പുര മാതൃകയിൽ കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിൽ കഫറ്റേരിയ തുടങ്ങിയാൽ സർക്കാർ ഖജനാവിലേയ്ക്ക് അധിക വരുമാനം ഉണ്ടാക്കാവുന്നതാണ്. | കണ്ണൂർ സെൻട്രൽ പ്രിസണിൽ കഫറ്റേരിയ നിർമ്മാണം പുരോഗമിക്കുന്നു. വിയ്യൂർ സെൻട്രൽ ജയിലിൽ ഫുഡ് യൂണിറ്റ് ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യോത്പന്നങ്ങൾ ജയിലിന് പുറത്ത് സ്ഥിതി ചെയ്യുന്ന ഔട്ട് ലെറ്റ് വഴി വിൽപ്പന നടത്തിവരുന്നു. മറ്റ് ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 7 | സെൻട്രൽ ജയിൽ, തുറന്ന ജയിൽ എന്നിവിടങ്ങളിൽ പെട്രോൾ പമ്പുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയാൽ സർക്കാരിലേയ്ക്ക് വരുമാനമുണ്ടാക്കുന്നതിന് സാധിക്കും. | 3 സെൻട്രൽ പ്രിസണുകളിലും ചീമേനി തുറന്ന ജയിലിലും പെട്രോളിയം ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി 3 വർഷത്തേയ്ക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. |
| 8 | പൊതുജനങ്ങൾക്ക് ജയിലുകളെ കുറിച്ച് കൂടുതൽ മനസിലാക്കുന്നതിനും സ്വീകാര്യത ഉണ്ടാക്കുന്നതിനും സെൻട്രൽ ജയിൽ കേന്ദ്രീകരിച്ച് മ്യൂസിയം സ്ഥാപിക്കാവുന്നതാണ്. തടവുകാർ നിർമ്മിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന കൗണ്ടറുകളും ഇതോടൊപ്പം സ്ഥാപിച്ചാൽ സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുന്നതിന് സാധിക്കും. | നടപ്പുവർഷം പ്രസ്തുത പദ്ധതിയ്ക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| 9 | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ സിമന്റ് ഇഷ്ടിക, മണ്ണ് ഇഷ്ടിക, ഇന്റർലോക്ക് ഇഷ്ടിക എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം നടത്തിയാൽ സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുന്നതിന് സാധിക്കും. | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ സിമന്റ് ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| 10 | സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ എന്നിവ കേന്ദ്രീകരിച്ച് കോഴിഫാം, കാടഫാം എന്നിവ വിപുലീകരിച്ചാൽ നിലവിലെ ഫുഡ് യൂണിറ്റുകൾക്ക് ആവശ്യത്തിന് കോഴി വിതരണം ചെയ്യുന്നതിനും ആയത് കൂടാതെ കോഴി ഹാച്ചറിംഗ് യൂണിറ്റുകൾ ആരംഭിച്ചാൽ പുറമെ വിൽപ്പന നടത്തിയും ഗവൺമെന്റിന് ലാഭം ഉണ്ടാക്കാവുന്നതാണ്. | നെട്ടുകാൽത്തേരി, ചീമേനി തുറന്ന ജയിലുകളിൽ കോഴിഫാമുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ കാട ഫാം പ്രവർത്തിച്ചുവരുന്നു. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ താറാവ് ഫാമും പ്രവർത്തിക്കുന്നു. |
| 11 | പൂജപ്പുര സെൻട്രൽ ജയിലിൽ നടപ്പിലാക്കിയ വസ്ത്ര നിർമ്മാണ യൂണിറ്റ്- തൃശ്ശൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും, ചീമേനി, നെട്ടുകാൽത്തേരി തുറന്ന ജയിലുകളിലും വിപുലമായ രീതിയിൽ നടപ്പിലാക്കിയാൽ തടവുകാർക്ക് തൊഴിലും പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനും സാധിക്കും. കൂടാതെ സ്കൂൾ യൂണിഫോം, മറ്റ് യൂണിഫോമുകൾ എന്നിവ ഓർഡർ സ്വീകരിച്ച് നിർമ്മിച്ച് നൽകുവാൻ സാധിക്കും. | കണ്ണൂർ /വിയ്യൂർ/ തിരുവനന്തപുരം സെൻട്രൽ ജയിലുകളിൽ കൈത്തറി വസ്ത്ര നിർമ്മാണ യൂണിറ്റ് നല്ലരീതിയിൽ നടന്നുവരുന്നു. ജയിൽ വകുപ്പിന്റെ ഫ്രീഫാഷനിസ്റ്റ എന്ന ഔട്ട് ലെറ്റുകൾ മുഖാന്തിരം വസ്ത്ര വിൽപ്പനയും നല്ലരീതിയിൽ നടന്നുവരുന്നു. കണ്ണൂർ സെൻട്രൽ ജയിലിൽ ഹാൻ വീവുമായി ചേർന്ന് സ്കൂൾ യൂണിഫോം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടന്നുവരുന്നു. |
| 12 | കേരളത്തിലെ മുഴുവൻ ജയിലുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും നിലവിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്താൽ മാലന്യങ്ങൾ സംസ്കരിക്കുന്നതിനും പാചകവാതകത്തിന്റെ ഉപയോഗം കുറക്കുന്നതിനും സാധിക്കും. | പുതിയതായി പ്രവർത്തനം ആരംഭിച്ച ജയിലുകളിലൊഴികെ സ്ഥല സൗകര്യമുള്ള എല്ലാ ജയിലുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 13 | വ്യാവസായിക അടിസ്ഥാനത്തിൽ സെൻട്രൽ ജയിൽ, തുറന്ന ജയിലുകൾ കേന്ദ്രീകരിച്ച് ബേക്കറി ഉൽപ്പന്നങ്ങൾ ആരംഭിക്കുക. പൊതുജനങ്ങൾക്ക് ഗുണനിലവാരം ഉള്ളതും വിശ്വസ്തവുമായ ബേക്കറി ഉൽപ്പന്നങ്ങൾ മിതമായ നിരക്കിൽ നൽകുവാൻ സാധിക്കുകയും അതുകൂടാതെ ജയിൽ ക്യാന്റീനിലേയ്ക്കും ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ സാധിക്കും. | നിലവിൽ വിയ്യൂർ / കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ ബേക്കറി നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| 14 | ഇപ്പോൾ തിരുവനന്തപുരത്തും കാസർഗോഡും പ്രവർത്തിച്ചുവരുന്ന തുറന്ന ജയിലുകൾ വഴി സർക്കാർ ഖജനാവിലേയ്ക്ക് ഏറെ വരുമാനം ലഭിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് മദ്ധ്യമേഖലയിൽ ഇടുക്കി ജില്ല കേന്ദ്രീകരിച്ച് ഒരു തുറന്ന ജയിൽ സ്ഥാപിച്ച് സർക്കാരിലേയ്ക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. ഇതിനായി തരിശായി കിടക്കുന്ന സർക്കാർ വക ഭൂമി ജയിൽ വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്ത് കൃഷിയോഗ്യമാക്കിയാൽ സർക്കാരിന് ഖജനാവിലേയ്ക്ക് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. | മദ്ധ്യ മേഖലയിൽ ഒരു തുറന്ന ജയിൽ ആരംഭിക്കുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം അനുവദിക്കാമെന്ന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (III)

അന്തേവാസികളുടെ സ്വാഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവ സന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും അതിലൂടെ സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനും സാധിക്കുന്ന വിധത്തിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാ വർഷവും തടവുകാരുടെ ക്ഷേമം പദ്ധതിയിൽ നടപ്പിലാക്കി വരുന്നു.

ശിക്ഷാ പ്രതികൾ കഴിയുന്ന പ്രധാനപ്പെട്ട ജയിലുകളിൽ തടവുകാരെ വിവിധ തൊഴിലുകളിൽ പ്രാവീണ്യം ഉള്ളവരാക്കുന്നതിന് പ്രൊഫഷണൽ സർട്ടിഫിക്കറ്റ് ഇൻ ഫയർ & സേഫ്റ്റി, ടൂ വീലർ, ഫോർ വീലർ സ്പെഷ്യലിസ്റ്റ്, സോളാർ പാനൽ ഇൻസ്റ്റലേഷൽ & മെയിന്റനൻസ്, ഇലക്ട്രീഷ്യൻ കോഴ്സ്, ഹെയർ കട്ടിംഗ് & ബ്യൂട്ടീഷ്യൻ കോഴ്സ്, ഫുഡ് പ്രോസസ്സിംഗ് കോഴ്സ്,ഇൻഡസ്ട്രീയൽ ഫയർ & സേഫ്റ്റി,വെൽഡിംഗ് കം സ്റ്റീൽ ഫർണിച്ചർ നിർമ്മാണം, കംപ്യൂട്ടർപരിശീലനം, സോപ്പ് നിർമ്മാണം,അലുമിനിയം ഫാബ്രിക്കേഷൻ,സ്റ്റീൽ ഫാബ്രിക്കേഷൻ,ബുക്ക് ബൈൻഡിംഗ്,ബൾബ് നിർമ്മാണം, മെഴുക് തിരിനിർമ്മാണം,പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, കുട നിർമ്മാണം, അലങ്കാര പുഷ്പ നിർമ്മാണം, ഹൗസ്ഹോൾഡ് ഐറ്റം റിപ്പയറിംഗ്,ഹാന്റ് എംബ്രോയിഡറി, ഇലക്ട്രിക്കൽ വയർമാൻ, പ്ലംബിംഗ് & സാനിട്ടറി, ഗ്ലാസ്സ് എച്ചിംഗ് & പെയിന്റിംഗ്, ടെറാകോട്ട ആഭരണ നിർമ്മാണം, മോട്ടോർ വൈൻഡിംഗ്,പ്രൊഫഷണൽ സർട്ടിഫിക്കറ്റ് ഇൻ ഹോട്ടൽ മാനേജ്മെന്റ്, ടെയ്ലറിംഗ്, മേസ്തിരി പണി,റബ്ബർ ടാപ്പിംഗ്, ചപ്പാത്തി മേക്കിംഗ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അഗ്രികൾച്ചറൽഫാമിംഗ്, ഡിജിറ്റൽ ക്യാമറാ ഫോട്ടോഗ്രഫി & വീഡിയോഗ്രഫി, അഡ്വാൻസ്ഡ് ഡിപ്ലോമാ ഇൻ ഒപ്റ്റിക്കൽ ഫൈബർ ടെക്നീഷ്യൻ & ഡിജിറ്റൽ സർവ്വെയലൻസ്, ഓട്ടോമോട്ടീവ് അപ്ഹോൾസ്റ്ററി എന്നീ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ